
# കൈവഴി

SN HSS Uzhamalakkal

# വൈക്കം മുഹമ്മദ് ബഷീർ ജന്മദിന സ്മരണിക

## ജനുവരി – 19



"ചങ്ങലകളാലെന്നപോലെ മണ്ണോടു
ബന്ധിതനെങ്കിലും അവൻ നോക്കുകയാണ്.
സമയകാലങ്ങളെ പിന്നിട്ട്, ധീരമോഹനമായ
നാളെയിലേക്ക്!'

**ജന്മദിനം ....... ബഷീർ**



***ആശംസകളോടെ ........***


ലിറ്റിൽ കൈറ്റ്സ്, അക്ഷരാർത്ഥത്തിൽ ഈ ചെറുപട്ടങ്ങൾ നമ്മളെ വിസ്മയിപ്പി ക്കാൻ തുടങ്ങിയിട്ട് ഒരു വർഷമാകാൻ പോകുന്നു. ഇന്ന് സ്കൂളിന്റെ അഭിമാനഭാജ നങ്ങളായി വളർന്ന ഈ കുട്ടിക്കൂട്ടത്തിന്റെ എല്ലാ പ്രവർത്തനങ്ങളും മാതൃകാപരവും അഭിമാനകരവുമാണ്. പൊതുവിദ്യാലയ സംരക്ഷണത്തിന്റെ ഭാഗമായി നിർമ്മിക്കപ്പെട്ട ഹൈ–ടെക് ക്ലാസ്സ് മുറികളിലെ ഈ ചെറുപട്ടങ്ങളുടെ നിറസാന്നിദ്ധ്യത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കാതിരിക്കാൻ ആവില്ല.

അനശ്വരനായ കഥാകാരൻ– ബേപ്പൂർ സുൽത്താൻ– ശ്രീമാൻ വൈക്കം മുഹമ്മദ് ബഷീറിന്റെ ജന്മദിനത്തിൽ ലിറ്റിൽ കൈറ്റ്സ് ഡിജിറ്റലായി പ്രസിദ്ധീ കരിക്കുന്ന **"കൈവഴി"** എന്ന ഈ മാഗസിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാ കുട്ടിപ്പട്ടങ്ങൾക്കും ഒപ്പം നേതൃത്വം നൽകിയ അധ്യാപകർക്കും ഹൃദയം നിറഞ്ഞ ആശംസകളോടെ

***വി.എസ്. ശ്രീജ***

***ഹെഡ്മിസ്ട്രസ്സ്***

## ശ്രീമാൻ പി. ചക്രപാണി
## (എസ്.എൻ.എച്ച്.എസ്.എസ് സ്ഥാപക മാനേജർ)



സ്കൂൾ സ്ഥാപകനായ ശ്രീമാൻ പി. ചക്രപാണി ശ്രീനാരായണ ഗുരുവിന്റെ തത്വങ്ങൾ പ്രാവർത്തികമാക്കാൻ അക്ഷീണം പരിശ്രമിച്ച വ്യക്തിയാണ്. 1950 കളുടെ തുടക്കത്തിൽ അദ്ദേഹം 'വെട്ട' എന്ന സ്ഥലത്ത് ഒരു സ്കൂൾ സ്ഥാപിക്കുന്നതിന് വേണ്ടി സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയും അന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീമാൻ. കേശവൻ അവർകൾ 1952 മെയ് മാസത്തിൽ സ്കൂൾ അനുവദിയ്ക്കുകയും, തുടർന്ന് ശ്രീ ലക്ഷ്മീ മംഗലം ക്ഷേത്രത്തിന് വടക്ക വശത്തായി 43 കുട്ടികളുമായി ആദ്യക്ലാസ് ആരംഭിക്കുകയും ചെയ്തു. ശ്രീമാൻ നരസിംഹ അയ്യർ ആയിരുന്നു ആദ്യ പ്രധാന അദ്ധ്യാപകൻ. ശ്രീമാൻ നന്ദിയോട് രാമചന്ദ്രൻ ആദ്യ അദ്ധ്യാപകനും, പി. എൻ. രാഘവൻ നായരായിരുന്ന ആദ്യ വിദ്യാർത്ഥി. 1957-ൽ മിഡിൽ സ്കൂൾ ഹൈസ്കൂളായും ഉയർത്തപ്പെട്ടു. 2000-ൽ ഹയർ സെക്കന്ററി വിഭാഗം ആരംഭിക്കുകയും ചെയ്തു.

സ്കൂൾ മാനേജർ



ഉഴമലക്കൽ വേണുഗോപാൽ

പി.റ്റി.എ പ്രസിഡന്റ്



കെ. ഹരി

പ്രിൻസിപ്പൽ



ബി. സുരേന്ദ്രനാഥ്

# എ..ഡി..റ്റോ..റി..യ..ൽ

ശാസ്ത്ര സാങ്കേതിക വിദ്യയിലൂടെ ലോകം എല്ലാ മേഖലകളിലും ഹൈ-ടെക് ആകുന്ന ഈ അവസരത്തിൽ തിരുവനന്തപുരം ജില്ലയിലെ മലയോര ഗ്രാമമായ ഉഴമലക്കലിലെ ശ്രീ നാരായണ ഹയർ സെക്കണ്ടറി സ്കൂളിലെ ഞങ്ങളും ഹൈ-ടെക് വിദ്യയിലൂടെ യാത്ര ചെയ്തു തുടങ്ങി, ചിന്തകളും, സർഗ്ഗവാസനകളും, പഠനവും ഡിജിറ്റലൈസാക്കി ലോകത്തിന്റെ നെറുകയിലേക്ക് പ്രയാണം തുടങ്ങുമ്പോൾ, കൊച്ചുമനസ്സുകളിലെ വേറിട്ട ചിന്തകൾ വാക്കുകളെയും വരകളായും **"കൈവഴി"** യിൽ കോർത്തിണക്കിയിരിക്കുന്നു.

കൊച്ചുകുട്ടുകാരുടെ ഈ ഉദ്യമത്തിലുണ്ടാകുന്ന പിഴവുകൾ സദയം ക്ഷമിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

സ്നേഹത്തോടെ

എം.എസ്. ഫാഹിയ

എഡിറ്റർ

## വൈക്കം മുഹമ്മദ് ബഷീർ ( 21 ജനുവരി 1908– 5 ജൂലൈ 1994)

മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്നു. **ബേപ്പൂർ സുൽത്താൻ** എന്ന അപരനാമത്തിലും അറിയപ്പെടുന്ന **വൈക്കം മുഹമ്മദ് ബഷീർ** (**ജനനം:** 21 ജനുവരി 1908 തലയോലപ്പറമ്പ്, വൈക്കം കോട്ടയം ജില്ല – **മരണം:** 5 ജൂലൈ 1994 ബേപ്പൂർ, കോഴിക്കോട്). 1982–ൽ ഇന്ത്യാ ഗവൺമെൻറ് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. ആധുനിക മലയാളസാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാൾ എന്ന് വിശേഷിപ്പിക്കപ്പെട്ടു.ജനകീയനായ എഴുത്തുകാരനായിരുന്നു ബഷീർ. സാമാന്യം മലയാളഭാഷ അറിയാവുന്ന ആർക്കും ബഷീർ സാഹിത്യം വഴങ്ങും. വളരെ കുറച്ച് മാത്രമെഴുതിയിട്ടും *ബഷീറിയനിസം* അല്ലെങ്കിൽ ബഷീർ സാഹിത്യം എന്നത് മലയാളത്തിലെ ഒരു സാഹിത്യ ശാഖയായി മാറിയത് അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങളുടെ കരുത്തുകൊണ്ടായിരുന്നു. ഹാസ്യം കൊണ്ട് അദ്ദേഹം വായനക്കാരെ ചിരിപ്പിച്ച കൂടെ കരയിപ്പിക്കുകയും ചെയ്തു. സമൂഹത്തിന്റെ അടിത്തട്ടിൽ ജീവിക്കുന്ന മനുഷ്യരുടെ കഥകൾ അദ്ദേഹം പറഞ്ഞപ്പോൾ അത് ജീവസ്സുറ്റതായി, കാലാതിവർത്തിയായി. ജയിൽപ്പുള്ളികളും, ഭിക്ഷക്കാരും, വേശ്യകളും, പട്ടിണിക്കാരും, സ്വവർഗ്ഗാനുരാഗികളും നിറഞ്ഞ ഒരു ഫാന്റസിയായിരുന്നു ബഷീറിന്റെ ലോകം. ഇത്തരം കഥാപാത്രങ്ങളുടെ ചിന്തകൾക്കോ, വികാരങ്ങൾക്കോ അതുവരെയുള്ള സാഹിത്യത്തിൽ സ്ഥാനമുണ്ടായിരുന്നില്ല. സമൂഹത്തിനു നേരെയുള്ള വിമർശനം നിറഞ്ഞ ചോദ്യങ്ങൾ അദ്ദേഹം ഹാസ്യത്തിലൊളിപ്പിച്ച വച്ചു. സമൂഹത്തിൽ ഉന്നത നിലവാരം പുലർത്തുന്നവർ മാത്രം നായകൻമാരാവുക, മുസ്‌ലിം കഥാപാത്രങ്ങളെ വില്ലന്മാരായി ചിത്രീകരിക്കുക തുടങ്ങിയ പ്രവണതകളിൽ നിന്നും നോവലുകൾക്ക് മോചനം നൽകിയത് ബഷീറാണ്. തീക്ഷ്ണമായ അനുഭവങ്ങളുടെ തീവ്രത അദ്ദേഹത്തിന്റെ കൃതികളെ അനശ്വരമാക്കി. മുസ്‌ലിം സമുദായത്തിൽ ഒരുകാലത്തു നിലനിന്നിരുന്ന എല്ലാവിധ അനാചാരങ്ങൾക്കെതിരെയും വിമർശനാത്മകമായി അദ്ദേഹം തൂലിക ചലിപ്പിച്ചു.

അവലംബം : മലയാളം വിക്കി

## Beauty of Flower

Buds bloom in the spring,
the sun is ahead their head
Roses are smiling
And spreading their fragrance......

The golden flower in the garden
Looks on the other flower
Who are still sleeping on the lap of garden

The birds chirp suddenly
Awake and arise
The breeze tells them
Raise your head ahead
And stand you beautifully.

Chandana Biju
9 .G

## ഒരു പ്രളയം, ഒരു സൗഹൃദം, പിന്നെ.............

*കാലത്തിനപ്പുറം മനുഷ്യ ജീവിതം മുന്നേറുമ്പോൾ*
*പ്രകൃതിക്കപ്പുറം കഴിവുകൾ വളരുമ്പോൾ പ്രകൃതിയെ*
*മറക്കുമ്പോൾ പ്രകൃതി ഉണ്ടന്ന്*
*മനുഷ്യരെ ഓർമിപ്പിച്ചതെന്ത്?*
*ഒരു പ്രളയം.*
*പ്രളയത്തിൽ നഷ്ടപെട്ടതെന്ത്?*
*അനേകം ജീവനുകൾ.*
*ആ പ്രളയത്തിൽ മനുഷ്യന് നേടാൻ കഴിഞ്ഞതെന്ത് ?*
*സൗഹൃദം, ജാതി, മതം, വർഗ്ഗം,*
*വർണ്ണ ഭേദമന്യേയുള്ള സൗഹൃദം.*
*അപ്പോൾ എല്ലാ മനുഷ്യരും പ്രകൃതിയെ*
*ഓർത്തു പ്രകൃതിക്ക് സാധിക്കാത്തതെന്ത്*
*എന്ന് ചിന്തിച്ചു. ഒരു ഭാഗത്തു മതത്തിന്റെ അതിരുകൾ*
*ഇല്ലാതായികൊണ്ടിരിക്കുമ്പോൾ*
*മറ്റൊരിടത് മതത്തെ ജനങ്ങൾ ഉയർത്തുന്നു.*
*അവശേഷിച്ച മനുഷ്യ ജീവനുകൾ*
*ഇനി എന്തിനെ നേരിടണം.............*

ശ്രീജിത്ത് .എസ്
7 J

# പിരിയുന്ന വേളയിൽ

ഏതോ വഴി താരയിൽ കണ്ടുമുട്ടിയനാം
അറിയാതെ അടുത്തുപോയി
മറക്കില്ലന്നവാക്കും പിരിയില്ല എന്ന ഉറപ്പും
എനിക്കുനീ തന്നു
ഈ നിമിഷം എന്തിന് എന്നെ മറക്കുന്നു
എന്തിനുവേണ്ടി പിരിയുന്നു
നിനക്ക് ഞാനും എനിക്ക് നീയും
എന്ന മന്ത്രവും, എൻനിഴലായി കാണുമെന്നനിൻ
മൊഴിയുംമറന്നു .....
സ്വപ്നങ്ങൾ നെയ്തുകൂട്ടിയശേഷം
എങ്ങു നീ ഓടി ഒളിക്കുന്നു
എങ്ങു നീ മാഞ്ഞു പോകുന്നു
അന്നും ഇന്നും എന്നും ആവഴിത്താരയിൽ
നിൻവരവിനായി കാത്തിരിക്കും .

Soswraya.C.K
V.D

# അഹങ്കാരം വരുത്തിയ ആപത്ത്

ഒരിടത് ഒരു കാട്ടിൽ വലിയൊരു മരമുണ്ടായിരുന്നു നറുമധുരമുള്ള പഴങ്ങൾ ധാരാളമായി ഉണ്ടാകുന്ന ആ മരത്തിനായിരുന്നു ആ കാട്ടിൽ ഏറ്റവും കൂടുതൽ ഉയരം .

അങ്ങനെ ഇരിക്കെ ഒരു കിളി വന്ന് ആ മരത്തിനോട്ടു ചോദിച്ചു "ഞാനൊരു ദേശാടനകിളിയാണ് ,ഞാനും എന്റെ ഇണയും കൂടി ഈ ചില്ലകൾക്കിടയിൽ ഒരു ചെറിയ കൂട്ടുപണിതോട്ടെ?"

"ശരി ചങ്ങാതീ" എന്ന് മരം സന്തോഷത്തോടെ സമ്മതിച്ചു .കിളി മരത്തിന്റെ ചില്ലയിൽ മനോഹരമായ കൂട്ടു പണിതു ,അതിൽ ചേക്കേറി .ആ കുടുംബം ആ മരത്തിന്റെ പഴങ്ങൾ തിന്ന് വിത്തുകൾ നാട്ടുനീളെ പറന്ന് നടന്ന് വിതച്ചു .കുറച്ചുകൂടി കഴിന്ന് മറ്റൊരു പക്ഷി വന്ന് ആ മരത്തോട്ടു ചോദിച്ചു ,നിന്റെ ചില്ലകളിൽ ഒളിച്ചിരുന്ന് നിന്റെ ഉടൽ തിന്നുന്ന പുഴുക്കളെ ഞാൻ കൊത്തിയെടുത്തോട്ടെ ?അതും മരം സന്തോഷത്തോടെ സമ്മതിച്ചു .

മരത്തെ രക്ഷിക്കാനും തന്റെ വിശപ്പടക്കാനും ഒപ്പം വഴിയിൽ കണ്ട ആ കിളിയും കുടുംബത്തോടെ ആ മരത്തിൽ സുഖമായി പാർത്തു .

അങ്ങനെ കാലം കഴിയെ ,കുറേയധികം പക്ഷികൾ വന്ന് മരത്തിന്റെ സമ്മതം ചോദിക്കാതെ തന്നെ മരത്തടിയിൽ കൊത്തിക്കൊത്തി പൊത്തുണ്ടാക്കാൻ തുടങ്ങി, ഇതുകണ്ട് രണ്ടു കിളികളും ചേർന്ന് പുതിയ  കിളികളുടെ നേതാവിനോട്ടു പറഞ്ഞു .അരുത് , നിങ്ങൾ ഈ ചെയ്യുന്നത് എന്തെന്ന് നനിങ്ങൾ അറിയുന്നില്ല .

"എനിക്ക് നിങ്ങടെ ആരുടെയും ഉപദേശം വേണ്ട .നിങ്ങൾ നിങ്ങടെ പാട്ടിന് പോ . ഞാൻ ഇവിടെ തന്നെ താമസിക്കും . അതിൽ യാതൊരു  മാറ്റവുമില്ല .” നേതാവ് പറഞ്ഞു

സങ്കടത്തോടെ ആ കിളികൾ വരാൻപോകുന്ന ആപത്ത് മനസിലാക്കി മറ്റ് മരങ്ങളിലേക്ക് തങ്ങളുടെ കൂട്ടുകൾ മാറ്റി .

മഴക്കാലം വന്നു .ആദ്യം  വീശിയ ശക്തിയേറിയ കാറ്റ് ഏറ്റവും കൂടുതൽ ഏറ്റത് ഏറ്റവും ഉയരമുള്ള ആ മരത്തിലാണ് .അതിന്റെ ഉടൽ പോള്ളയായി കഴിഞ്ഞതിനാൽ മരം മുറിഞ്ഞു വീണു നുറുങ്ങി .

പുതുതായി എത്തിയ കിളികൾ ഭൂരിഭാഗവും മരത്തോടൊപ്പം ഞെരുങ്ങി ഒടുങ്ങി

അതു ചൂണ്ടിക്കാട്ടി മറ്റ് ജീവികൾ എല്ലാം തങ്ങളുടെ കുഞ്ഞുങ്ങളോടെ പറഞ്ഞു :"കണ്ടില്ലേ വരുംവരായ്കകൾ ആലോചിച്ചേ എന്തും ചെയ്യാവൂ ." മറ്റുള്ളവർ പറഞ്ഞത് അനുസരിക്കാത്തതു  കൊണ്ടാണ് ആ കിളികൾ അപകടത്തിൽ പെട്ടത് .

അതുപോലെ തന്നെ നിങ്ങളും മറ്റുള്ളവർ പറയുന്നത് അനുസരിക്കുക. ഇല്ലെങ്കിൽ എന്തോന്നെങ്കിലും അപകടത്തിൽ കുടുങ്ങിപ്പോക്കും

ലക്ഷ്മി .എസ്.ജി
8 : D

# തൃശൂർ പൂരം

'പൂരങ്ങളുടെ പൂരം 'എന്നാണ് തൃശ്ശൂർ പൂരം അറിയപ്പെടുന്നത്. തൃശ്ശൂർ ജില്ലയിലെ വടക്കുന്നാഥ ക്ഷേത്ര അംഗണത്തിലുള്ള തേക്കിൻകാട് മൈതാനത്ത് മേട മസത്തിലെ പൂരം നാളിലാണ് ഈ ഉത്സവം നടക്കുന്നത്. പൂരം നാളിൽ രാവിലെ തിരുവമ്പാടി ശ്രീകൃഷ്ണ ക്ഷേത്രത്തിൽ മുഴങ്ങുന്ന കതിന വെടിയോടെ പൂരചടങ്ങുകൾ ആരംഭിക്കും. പതിനഞ്ച് ആനകൾ തിരുവമ്പാടി ക്ഷേത്രത്തിനു പ്രദർശനം വച്ച് ഘോഷയാത്രയായി വടക്കുന്നാഥക്ഷേത്രത്തിനുള്ളിൽ കൂടി ക്ഷേത്രത്തിന്റെ ഒരു വശത്തായി അണിനിരക്കുന്നു. പ്രധാന ആനയുടെ പുറത്തു ശ്രീകൃഷ്ണ രൂപം കൊത്തിയ തിടമ്പ് കാണും. അതേസമയം പതിനഞ്ച് ആനകൾ അടങ്ങിയ മറ്റൊരു സംഘം പാറമേക്കാവ് ക്ഷേത്രത്തിൽ നിന്ന് തിരിച്ച് മൈതാനത്തിന്റെ എതിർ ദിശയിൽ ആദ്യ സംഘത്തിന് ആഭിമുഖമായി അണിനിരക്കുന്നു. ഈ സംഘത്തെ നയിക്കുന്ന ആനയുടെ പുറത്തു ദേവിയുടെ വിഗ്രഹം അടങ്ങിയ തിടമ്പ് ഉണ്ടായിരിക്കും. ആനകൾ അണിനിരന്നു കഴിഞ്ഞാൽ പാണ്ടിമേളം പഞ്ചാരി മേളം എന്നിവ ആരംഭിക്കുന്നു. മത്സരബുദ്ധിയോടെ അവതരിപ്പിക്കുന്ന മേളത്തിൽ എൺപതോളം വേട്ടക്കാർ കൂടാതെ തിമില,കൊമ്പ്,കുഴൽ,ഇലത്താളം,ശംഖ് എന്നി വാദ്യോപകരണങ്ങൾ കൈകാര്യം ചെയ്യുന്നവരും ഉണ്ടാകും. വടക്കുന്നാഥ ക്ഷേത്ര പരിസരത്തുള്ള ഇലഞ്ഞിയുടെ ചുവട്ടിൽ പ്രസിദ്ധമായ ഇലഞ്ഞിത്തറമേളം ഉച്ചക്ക് ആരംഭിച്ചു അരങ്ങു തകർക്കുന്നു. ആനപ്പുറത്തു ആലപ്പട്ടം,വെഞ്ചാമരം എന്നിവ പിടിക്കുന്നവരും മുത്തുക്കുട ഏന്തിയവരും നിലയുറപ്പിക്കും. സന്ധ്യയാകുമ്പോൾ കുടമാറ്റം ആരംഭിക്കുകയായി. വിവിധ വർണ്ണങ്ങളിലുള്ള മനോഹരങ്ങളുമായ കുടകൾ കാലബോധത്തോടെ മാറ്റി മാറ്റി ഇരുവശക്കാരും വർണ്ണങ്ങളുടെ മായാപ്രപഞ്ചംതന്നെ സൃഷ്ടിക്കുന്നു. പശ്ചാത്തലത്തിൽ പഞ്ചവാദ്യവും ചെണ്ടമേളവും മുഴകിക്കൊണ്ടിരിക്കും. കുടമാറ്റത്തിന് ശേഷം ആനകൾ മടങ്ങി പോവുകയും തിടമ്പുകൾ ശ്രീ കോവിലിലേക്കു തിരികെ വയ്ക്കുകയും ചെയുന്നു. വെളുപ്പിന് മൂന്നു മണിക്ക് വർണ പുഷ്പങ്ങൾ വിരിയിക്കുന്ന കരിമരുന്നു പ്രയോഗം ആരംഭിക്കും. പിറ്റേ ദിവസവും ചെറിയ രീതിയിൽ ഉള്ള എഴുന്നള്ളിപ്പും കുടമാറ്റവും കാണും. ഉച്ചക്ക് ഏകദേശം രണ്ടു മണിയോടെ പൂരച്ചടങ്ങുകൾ അവസാനിക്കുന്നു

അഭിനന്ദ് കേശവ് .H
8 : D

# ഇടവപ്പാതി

പുസ്തകങ്ങൾ കുടകൾ പുത്തനുടുപ്പുമായി
എത്തിടുന്നു പള്ളിക്കൂട പൂമ്പാറ്റകൾ കൂട്ടമായി
വേനൽകാലത്തിന്റെ ദാഹവിമുക്തിയായി
ഒപ്പം ചൊരിയുന്ന ഇടവപ്പാതി
തുള്ളിയായി തുള്ളിയായി തുള്ളിക്കൊരുകുടമായി
ചൊരിയുന്ന ഇടവവർഷം

ആകാശം കാർ കൊണ്ട് മൂടിടുമ്പോൾ
വിശ്രമിക്കാന്ർക്കനും പോയ്
കാർമുകിൽ സാഗരത്തട്ടിലേക്ക്
വറ്റി വരണ്ട പുഴകൾക്കും,നദികൾക്കും
ദാഹനീർ കോരിചൊരിയുന്ന വർഷം.
കുതിർന്നു ഞാനെൻ പുതുപുസ്തകം പിന്നെ വേഷം
'ഓടിപ്പോകാം കൂട്ടരേ'യെന്നോതി
ഇടവപ്പാതി തൻ സുഖമെറിഞ്ഞോടി ഞാൻ
രക്ഷിപ്പെൻ പുതു പുസ്തകത്താളിനെ

Amritha S A
7 A

# ശുഭാപ്തി വിശ്വാസം

ഒരു മനുഷ്യനെ മുന്നോട്ട് നയിക്കുന്നത് അവന്റെ ശുഭാപ്തി വിശ്വസമാണ്. സുഖ ദുഃഖങ്ങൾ നിറഞ്ഞതാണ് ജീവിതം. ഒരു കുഴിക്ക് ശേഷം കുന്ന് എന്നത് പോലെ ദുഃഖത്തിനപ്പുറം ഒരു സുഖവുമുണ്ടാകും, ഈ ശുഭാപ്തി വിശ്വാസത്തോടെ ജീവിച്ചാൽ ജീവിതത്തിന്റെ പ്രയാസ ഘട്ടങ്ങളെ എളുപ്പം തരണം ചെയ്യാൻ കഴിയും.   ഉണരുമെന്ന് വിചാരിച്ച തന്നെയാണ് നമെന്നും ഉറങ്ങാൻ കിടക്കുന്നത് ഇത് ഒരു ശുഭാപ്തി വിശ്വസമാണ്. ആ വിശ്വസം അല്ലെങ്കിൽ ആ പ്രതീക്ഷ നമ്മുടെ എല്ലാ പ്രവർത്തിയിലും, ചിന്തയിലും ഒന്ന് പോലെ പ്രത്യക്ഷമായാൽ ജീവിതം വിജയിക്കും .
നമുക്ക് വിഷമങ്ങൾ വരുമ്പോൾ നാം ദുഖിക്കുന്നു, എന്നാൽ ഈ അവസ്ഥയിൽ ഒന്ന് മാത്രം നാം ചിന്തിക്കുക ഇന്ന് ദുഃഖമാണെകിൽ നാളെ സന്തോഷമാണ് രാത്രി ഒരിക്കലും അനന്തമായി നീളില്ല, എല്ലാ രാത്രിക്ക് ശേഷവും പകൽ വരും. അതുപോലെ ഒരു പരാജയം ഉണ്ടാകുമ്പോൾ ഒരു വിജയം നമ്മെ കാത്തിരിക്കുന്നു എന്ന് മനസിലാക്കുക.

നൗഫിയ. എസ്
9 G

# പാദരക്ഷകൻ (പാദരക്ഷകൾ) പറഞ്ഞത്

കൂട്ടുകാരീ നിന്നോടെനിക്ക് എത്ര മാത്രം സ്നേഹമുണ്ടെന്ന് അറിയാമോ, നീ പിച്ചവെച്ചു നടന്ന നാൾ മുതൽ നിനക്ക് നോവാതെ, ഒരു മുള്ളുപോലും കൊള്ളിക്കാതെ ഞാൻ നിന്നെ സംരക്ഷിച്ചിരുന്നു. നിന്റെ  രൂപവും ആഗ്രഹങ്ങളും മാറുന്നതനുസരിച്ച് നീ എന്നെയും മാറ്റി. പല രൂപത്തിൽ പലനിറത്തിൽ ഞാൻ നിന്നോടൊപ്പമുണ്ട്, പക്ഷേ ചില സമയത്ത് നിന്റെ പ്രവർത്തികൾ എന്നെ ഏറെ ദുഃഖിപ്പിക്കുന്നു. എന്റെ നിറമൊന്ന് മങ്ങിയാൽ ചെറു രോഗം വന്നാൽ പിന്നെ നീ ഒട്ടും മടിക്കില്ല എന്നെ വലിച്ചെറിയാൻ.

എന്നാലും നീ വീണ്ടും എന്നെ തന്നെ ആശ്രയിക്കും. പുതിയ രൂപത്തിലാണെന്ന് മാത്രം. നിന്റെ സന്തത സഹചാരിയായി ഞാനിപ്പോഴുമുണ്ടെങ്കിലും ചില അതിർവരമ്പുകൾ നീ എനിക്കായി കൽപ്പിക്കുന്നതെന്തിനാണ്? നിന്റെ ആരാധനാ മൂർത്തിയുടെ പരിസരത്ത് പോലും എന്നെ കൊണ്ടുപോയിട്ടില്ല ആ പ്രദേശം ചുറ്റിനടന്ന് കാണണമെന്ന് തീവ്രമായ മോഹമുണ്ടെങ്കിലും എപ്പോഴെന്റെ ശ്രദ്ധ മുഴുവൻ നിന്നിലാണ്.

നിന്നെ വേദനിപ്പിക്കാതെ നോക്കേണ്ടത് എന്റെ മാത്രം ഉത്തരവാദിത്വമാണെന്ന് ഞാൻ മനസിലാക്കുന്നു.....

ആര്യ എം.എസ്
7 E

# അച്ചടക്കം

ജീവിതപാത സുസ്ഥിരവും സുഗമവും ആവണമെങ്കിൽ ആവശ്യം വേണ്ട ഘടകം അച്ചടക്കം തന്നെയാണ്. അച്ചടക്കം മൗനം പാലിക്കലല്ല. അടിമത്തവുമല്ല. ദൃഢമായ മനസിന്റെ ബഹിർസ്ഫുരണമാണ്. വേണ്ട സമയത്തു വേണ്ടതു പോലെ പ്രതികരിക്കുകയാണ് അച്ചടക്കത്തിന്റെ മൗലികത. ഈ പറഞ്ഞ കാര്യം വിശദീകരണം അർഹിക്കുന്നതാണ്. ശബ്ദമുഖരിതവും ആവശ്യമില്ലാത്ത വാക്ക് വിതറിയുമുള്ള സംഭാഷണവും രണ്ടു തരത്തിൽ അനാവശ്യമാണ്. ഒന്ന് അർത്ഥയുക്തയില്ലാതെ വാക്കുകൾ പ്രയോഗിച്ച് മറ്റൊരാളുടെ എതിർപ്പ് വലിച്ചുവയ്ക്കുന്നു. രണ്ട് ആവശ്യമില്ലാത്ത പദപ്രയോഗത്തിലൂടെ തെറ്റായ ബോധം മറ്റുള്ളവരിൽ ഉണ്ടാക്കുന്നു. അതുകൊണ്ടുതന്നെ അച്ചടക്കം എല്ലാകാര്യത്തിലും പാലിക്കുക, നല്ല പെരുമാറ്റം, അഭിമാനബോധം തുടങ്ങി എല്ലാ കാര്യങ്ങളും വ്യക്തിക്ക് ആവശ്യമാണ്. ശരിയായ ഒരു ജീവിത ക്രമം, അനുസരണ ശീലം എന്നിവ പാലിക്കുന്നത് നല്ലതാണ്. അച്ചടക്കത്തിൽ അതിഷ്ഠിതമായിരുന്ന ഒരു ഗുരുത്വം ഉണ്ടാകേണ്ടതാണ്.

സാധാരണ പറഞ്ഞു കേൾക്കാറുള്ള ഒരു വാക്കാണ് അച്ചടക്കരാഹിത്യം. ആ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കു അച്ചടക്കം ഇല്ല. ആ ക്ലാസ്സിൽ എന്തുബഹളമാണ്; ഒരു അച്ചടക്കവുമില്ല. അച്ചടക്കമില്ലാത്ത സമൂഹം രാഷ്ട്രത്തിന് ആപത്താണ്. ഇങ്ങനെ അച്ചടക്കം ധാരാളം സ്ഥലത്ത് പ്രയോഗത്തിൽ വരുന്നുണ്ട്. ഇവിടെ ക്ലാസ്സിൽ എന്തു ബഹളമാണ് ; അച്ചടക്കമില്ല എന്ന് പറയുമ്പോൾ ശബ്ദമുഖരിതമായ അന്തരീക്ഷം മാത്രമേ വക്താവ് ഉദ്ദേശിക്കുന്നുള്ളൂ. കുട്ടികൾ മിണ്ടാതിരുന്നാൽ മതി;അച്ചടക്കം പാലിച്ചു കഴിഞ്ഞു എന്നർത്ഥം. എന്നാൽ ആ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അച്ചടക്കമില്ലെന്നും ആ സമൂഹത്തിന് അച്ചടക്കമില്ലാനും പറയുമ്പോൾ ഉദ്ദേശിക്കുന്നത് കേവലം ശബ്ദമല്ല ; അച്ചടക്കമെന്ന വാക്കിൽ മറ്റെന്തെല്ലാമോ ഉണ്ടെന്നു വരുന്നു. അത് എന്താണ് എന്ന് നോക്കാം .

ഒരു ജനതയുടേയോ സമൂഹത്തിന്റെയോ അമിത സ്വാതന്ത്രം അച്ചടക്കമില്ലായ്മയായി കരുതുന്നു. നിയമങ്ങൾക്കു വഴങ്ങാതിരിക്കുന്നതു അച്ചടക്കരാഹിത്യമാണ്. കർത്തവ്യങ്ങൾ മറക്കുകയും നിയന്ത്രണമില്ലാതെ പെരുമാറുകയും ചെയ്യുന്നത് സമാഹത്തിന്റെ അച്ചടക്കരാഹിത്യമാണ്. പൊതു സ്വത്തുക്കൾക്കു നാശം വരുത്തുന്നത് സമൂഹത്തിന്റെ അച്ചടക്കമില്ലായ്മയാണ് കാണിക്കുന്നത്.

അച്ചടക്കത്തിൽ അതിഷ്ഠിതമായ ഒരു സംസ്കാരം എന്നത് സുരഷിതത്വത്തിന്റെ ഭാഗമാണ്. സംരക്ഷണം നശിക്കുമ്പോൾ അച്ചടക്കരാഹിത്യം ജനിക്കുന്നു. ഒരു സ്കൂളിനെ നിയന്ത്രിക്കുവാൻ ശക്തനായ മേധാവി ഇല്ലാതെ വരുക, അദ്ധ്യാപകൻ വിഭിന്നതട്ടുകളിൽ നിൽക്കുക, തുടങ്ങിയ കാര്യങ്ങൾ സ്കൂളിന്റെ സുരക്ഷിതത്വം തകർക്കും. അത്തരം കലാലയങ്ങൾക്ക് അച്ചടക്കമില്ലെന്നുംപറയും. ഒരു സമൂഹത്തിലാകുമ്പോൾ നിയമങ്ങൾക്കു ജനതവഴങ്ങാതെയിരിക്കുക,

അവരെ ശക്തമായി നയിക്കാൻ നേതാവില്ലാതിരിക്കുക തുടങ്ങിയ കാരണങ്ങളാൽ ആ രാഷ്ട്രത്തിന് അച്ചടക്കമില്ലെന്നും പറയും.

ഒരു വിദ്യാർഥിയിലും അച്ചടക്കം അടിച്ചേൽപ്പിക്കാൻ ആവില്ല. അച്ചടക്കം സ്വയം ശീലിക്കേണ്ടുന്ന ആത്മഗുണമാണ്; മറ്റൊരാളെ ബോധ്യപ്പെടുതാൻവേണ്ടി ശീലിക്കുന്ന ഒന്നല്ല സ്വയം ബോധ്യമായാൽ അച്ചടക്കം പാലിക്കു. ഒരു നടപടിക്രമം, അതെന്തുമാകട്ടെ, അത് പാലിക്കലാണ് അച്ചടക്കം. വിദ്യാർത്ഥികളെ ഭയപെടുത്തിയോ ശിക്ഷിച്ചോ വഴക്കുപറഞ്ഞോ ഒരിക്കലും അച്ചടക്കം പാലിക്കുവാൻ ആവില്ല. വിദ്യാർത്ഥിക്ക് സ്കൂളിലും സമൂഹത്തിലും ലഭിക്കുന്ന അംഗീകാരമാണ് യഥാർത്ഥ അച്ചടക്കം. അച്ചടക്കം അടിച്ചൽപ്പിക്കുന്ന ഒന്നല്ലെന്നു പറഞ്ഞല്ലോ. അങ്ങനെ ഒരു ധാരണ പൊതുവിൽ ഉണ്ടെന്നാണ് സത്യം. ഇന്നത്തെ കുട്ടികൾ നാളത്തെ പൗരന്മാരാണ്. അവരിലെ ക്രിയാത്മകത പൊതുമുതൽ നശിപ്പിക്കുന്നതിലോ അദ്ധ്യാപകരെ അനാദരിക്കുന്നതിലേക്കോ തിരിയാൻ പാടില്ല. ഭാവിയെക്കുറിച്ചുള്ള ആശങ്ക അച്ചടക്കരാഹിത്യത്തിനു കരണമാകുന്നുണ്ട്. തൊഴിൽ മേഖലയ്ക്ക് പ്രാധന്യംനൽകുന്ന വിദ്യാഭ്യാസം ആശങ്ക ലഘൂകരിക്കും. തങ്ങൾ ആരാണെന്ന സ്വയം ബോധവും സാമൂഹിക ചുറ്റുപാടുകളിൽ സത്യസന്ധമായി ജീവിക്കാനുള്ള ഉത്തരവാദിത്വവും അച്ചടക്കത്തിന്റെ അടിസ്ഥാനമാണ്.

**നന്ദന എസ്. എസ്**

**9. E**



# സ്വപ്നം

രാവിൽ നിദ്രതൻ തഴുകലിലെൻ
ഏകാന്തതയ്ക്കൊരു മറുപടിയായി
അറിയാതെ പൊതിയുന്ന
കരിമ്പടക്കിനാവുകൾ, സ്വപ്നങ്ങൾ
മാനതാരിലെവിടയോ പറയുന്നു
ഇത് നിൻ വിജയ ജീവിതം.

ആശിച്ച ജീവിത കാഴ്ചകൾ
സ്വപ്നമായി പെയ്തിറങ്ങവേ
സ്നേഹിച്ചു ഞാൻ സ്വപ്നത്തെ
സ്നേഹിച്ചു ഞാനെൻ നഷ്ട ജീവിതത്തെ
മോഹങ്ങളൊക്കയും സ്വപ്നമായി തന്നത്
നീ മാത്രമാണെൻ നഷ്ട ജീവിതമേ...

SIVAPRASAD . B S
7 H



# കൊക്കും ചെന്നായയും

കൊക്കും ചെന്നായയും ജന്മനാ ശത്രുക്കളായിരുന്നു. ഒരിക്കൽ ചെന്നായയുടെ തൊണ്ടയിൽ ഒരു മുള്ളു തറച്ചു. ചെന്നായ വേദന കൊണ്ടു പുളഞ്ഞു. അപ്പോഴതാ കൊക്ക് ആ വഴി വരുന്നു.

"നീ നിന്റെ നീണ്ട ചുണ്ടു കൊണ്ട് എന്റെ തൊണ്ടയിൽ തറഞ്ഞിരിക്കുന്ന മുള്ള് എടുത്തു മാറ്റമോ? ഞാൻ നിനക്കൊരു സമ്മാനം തരാം." ചെന്നായ കൊക്കിനോട് അഭ്യർത്ഥിച്ചു.

സമ്മാനം കിട്ടും എന്നു കേട്ടപ്പോൾ കൊക്ക് വൈരമെല്ലാം മറന്ന് ചെന്നയായയെ സഹായിക്കാമെന്നേറ്റു. അവൻ ചെന്നായയുടെ വായിലേക്ക് ചുണ്ടു കടത്തി, മുള്ളെടുത്തു കൊടുത്തു. ഇനി എന്റെ സമ്മാനം കൊക്ക് ആവശ്യപ്പെട്ടു.

"സമ്മാനമോ? ചെന്നായ ചിരിച്ചുകൊണ്ട് ചോദിച്ചു. നീയെന്റെ തൊണ്ടയിൽ തലയിട്ടപ്പോൾ വേണമെങ്കിൽ നിന്നെ കറുമുറാ കടിച്ചുതിന്നാമായിരുന്നു. പക്ഷെ ഞാൻ അത് ചെയ്തില്ല.നിന്റെ ജീവൻ തിരിച്ചു തന്നതു നിനക്കുള്ള സമ്മാനമായി കരുതിയാൽ മതി."

ഇതും പറഞ്ഞ് ചെന്നായ നടന്നു പോയി.

ശത്രുവിനെ വിശ്വസിച്ചത് കൊണ്ടല്ലേ കൊക്കിനു ചതി പറ്റിയത്?

*Soumya P*
*VI J*

# ഇടുക്കി

ആ യാത്ര വെക്കേഷൻ സമയത്തായിരുന്നു......

അന്ന് രാത്രി പതിനൊന്നു മണിക്കുള്ള കട്ടപ്പന സൂപ്പർ ഫാസ്റ്റിൽ പോകാൻ ഞങ്ങൾ എല്ലാവരും പത്തു മണിയായപ്പോഴേ തിരുവനതപുരം ബസ് സ്റ്റാന്റിൽ എത്തി. പതിനൊന്നു മണിക്കുള്ള കട്ടപ്പന സൂപ്പർ ഫാസ്റ്റ് ബസ്സിൽ ഞങ്ങൾ എല്ലാവരും ഉത്സാഹത്തോടെ കയറി. അതാതു സീറ്റുകളിൽ ഇരുന്നു ബസ് പുറപെട്ടപ്പോൾ രാത്രിയായതുകൊണ്ടു തന്നെ നല്ല തണുപ്പായിരുന്നു. പിന്നെ ഓരോരുത്തരായി പതിയെ ഉറക്കത്തിലേക്ക് വഴുതി വീണു. ഉറക്കം ഉണരുമ്പോൾ നേരം വെളുത്തു തുടങ്ങുകയായിരുന്നു. അച്ഛൻ പറഞ്ഞു "ഇടുക്കി ജില്ല എത്തിക്കഴിഞ്ഞു . അവിടേക്കു പോകുമ്പോൾ പന്ത്രണ്ട് ഹെയർ പിൻ ബെന്റുകൾ ഉണ്ട്". ഞാൻ ബസിന്റെ ഷട്ടർ പതുക്കെ തുറന്നു. അപ്പോഴുള്ള തണുപ്പ് സഹിക്കാൻ കഴിഞ്ഞില്ല. ഞാൻ പെട്ടന്നു ഷട്ടർ താഴ്ത്തി. കുറച്ചു കഴിഞ്ഞപ്പോൾ മറ്റുള്ളവർ ഷട്ടർ ഉയർത്താൻ തുടങ്ങി. തണുത്ത കാറ്റ് ബസ്സിനകത്തേക്ക് ചീറിയടിക്കാൻ തുടങ്ങി. കോടമഞ്ഞു കൊണ്ട് മൂടിപുതച്ച ആകാശവും മലകളും മരങ്ങളുമൊക്കെ കണ്ടു, എങ്കിലും തണുപ്പ് എനിക്ക് സഹിക്കാൻ പറ്റാത്തതായിരുന്നു. തണുപ്പ് സഹിക്കാനാവാതെ ഈ ഷട്ടറുകൾ എല്ലാം ഒന്ന് താഴ്ത്തിയെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചു. ഞങ്ങൾ പൈനാവ് എന്ന സ്ഥലത്ത് എത്തിച്ചേർന്നു. ഇടുക്കി ജില്ലയുടെ ആസ്ഥാനമാണ് പൈനാവ്. ഞങ്ങൾ എല്ലാവരും അവിടെ ഇറങ്ങി. മലകളും പൂത്തുലഞ്ഞ മരങ്ങളും തണുപ്പും എല്ലാമായി നല്ല മനോഹരമായ സ്ഥലം. ഞങ്ങളുടെ താമസസ്ഥലത്തേക്ക് നടന്ന് പോകണമെന്ന് പറഞ്ഞപ്പോൾ എല്ലാവരും ചെറുതായി അസ്വസ്ഥരായി, പക്ഷേ ആ അസ്വസ്ഥതയും നീരസവും അധിക നേരം നീണ്ടില്ല. ആകാശം മുട്ടി നിൽക്കുന്ന കുന്നുകൾക്ക് പച്ചവിരിച്ചു നിൽക്കുന്ന മരങ്ങൾ, അതിനു താഴെയായി റോഡ്, റോഡിന്റെ വലത് വശത്തുള്ള പുൽത്തകിടിക്ക് താഴെ വെള്ളി നിറത്തിലൊഴുകുന്ന മനോഹരമായ അരുവി – അവിസ്മരണീയമായ കാഴ്ചകൾ ....

ഇടുക്കി ഡാം, രാജമല, മൂന്നാർ, തേക്കടി തുടങ്ങിയ സ്ഥലങ്ങൾ ഞങ്ങൾ കണ്ടു, തിരികെ ഏലപ്പാറ വഴിയുള്ള പകൽയാത്ര, വർണ്ണിക്കാൻ വാക്കുകളില്ല പച്ചപ്പും അരുവികളും മനോഹരമായ കുന്നിൻ ചെരുവുകളും നയനാനന്ദകമായ കാഴ്ചകൾ തന്നെ, ഇടുക്കി ജില്ല ശരിക്കും ഈ ഭൂമിയിലെ ഏറ്റവും സുന്ദരമായ സ്ഥലങ്ങളിലൊന്ന് തന്നെയാണ്.

നിതിൻ എസ്.എസ്
9 F

# എങ്ങോട്ടു പോകുന്നു ?

*രസകരമായ കൊച്ചു കഥകളിലൂടെ വലിയ തത്വങ്ങൾ പറഞ്ഞ ആളായിരുന്നു ഈസോപ്പ്. 2600 വർഷം മുമ്പ് ഗ്രീസിൽ ആണ് ഈസോപ്പ് ജിവിച്ചിരുന്നത്. സാമോസറ എന്ന് ദീപിലെ പണക്കാരനായ സാന്തസിന്റെ നൂറ്കണക്കിന് അടിമകളിൽ ഒരാളായിരുന്നു ഈസോപ്പ്. നന്നായി കഥകൾ പറയുന്ന ഈസോപ്പിനെ യജമാനായ സാന്തസിന് ഇഷ്ടമായിരുന്നു. ഒരു ദിവസം സാന്തസ് സാധനങ്ങൾ വാങ്ങാൻ ഈസോപ്പിനെ പറഞ്ഞയച്ചു. എന്തൊക്കയോ ആലോചിച്ചുകൊണ്ട് തെരുവിലൂടെ നടക്കുകയായിരുന്ന ഈസോപ്പ് ചെന്നുപെട്ടത് ആ നാട്ടിലെ ന്യായാധിപന്റെ മുന്നിലാണ് ."ഹും! നീയെങ്ങോട്ട് പോകുന്നു?. ന്യാധിപൻ ചോദിച്ചു "എനിക്ക് അറിയില്ല..." ഈസോപ്പ് മറുപടി പറഞ്ഞു ഹും ....ഈ അടിമ എന്നെ കളിയാകുകയാണ്! ? ന്യാധിപനു തോന്നി. " ഹും, ധിക്കാരി ഇവനെ പിടിച്ചു തടവിലാക്കു " ന്യാധിപൻ ഉത്തരവിട്ടു .പാവം ഈസോപ്പ് അങ്ങനെ തടവറയിലായി !. പിറ്റേന്ന് ന്യാധിപൻ ഈസോപ്പിനെ കാണാൻ എത്തി ."ഹ ...ഹ ...ഇപ്പോൾ എന്ത് തോന്നുന്നു ?". "ഞാൻ അങ്ങയോട് പറഞ്ഞത് `സത്യമായിരുന്നു എന്ന് തെളിഞ്ഞിരിക്കുന്നു . ഞാൻ തടവറയില്ലേക്കാണ് പോകുന്നതെന്ന് അപ്പോൾ എനിക്ക് അറിയില്ലായിരുന്നു സത്യമാണ് പറഞ്ഞതെന്ന് തെളിഞ്ഞതിനാൽ എന്നെ സ്വതന്ത്രനാക്കണം ".ഈസോപ്പിന്റെ മറുപടി കേട്ട് ന്യാധിപൻ പുഞ്ചിരിച്ചു . ബുദ്ധിമാനായ ഈസോപ്പിനെ ഉടൻ അദ്ദേഹം മോചിപ്പിച്ചു .*

# എന്റെ കേരളം

വെള്ളിക്കരയിട്ട മരതക പട്ടുചുറ്റി .
മണ്ണിൽ മകുടമാക്കി വിളങ്ങും
ലാവണ്യവതി മനഃശാന്തിതരും
മമ ജന്മ നാടേ മനോഹരി .........
കളകളമൊഴുകി സന്നിദ്ധ
മടിത്തട്ടു കാണവയാകുന്നയ-
രുവികളും മാരിവിൽ മേഘ മേലാപ്പ -
തോറുമുത്തുംഗ മരുക്കളും.
പച്ചപ്പട്ടുപാവാടയിൽ മിന്നും
വെള്ളിനൂലിഴപോലസംഖ്യ
ശീതളമാമലഞൊറിയിളക്കും
കോമളനദികളും ഈറൻ തടങ്ങളും
മഞ്ഞുപൊഴിയും വസന്തത്തിൽ
വിരിയുമായിരം പൂവാടികൾ
കുളിർത്തതെന്നലായി ആഞ്ഞുവീശും
ഉഷ്ണകാലത്തും നീല ജലാശയങ്ങൾ
ഇളം കാറ്റിൽ പാറുമംഗന
തൻ ചേലപോലലംകൃതം ചേലൊത്ത
നീലവർണ്ണമനോഹരം തിര
ഞൊറിയും സാഗരം നീളം ....
മണ്ണിൽ മാദകഗന്ധം നുകരും
മക്കൾക്കാശയമരുളും
മമ നാടേ  മനോഹരി .........മനസ്സിൽ
നിൻ മുക്തസൗന്ദര്യം.........മുകരുന്ന ഞാൻ

ശരണ്യ.എസ് .എസ്
10 J

# കാലണ

മഴപെയ്യാൻ സാധ്യതയുണ്ട് രാമു നടത്തത്തിന്റെ വേഗതകൂട്ടി. വയൽ വരമ്പത്തുകൂടി അവൻ വളരെ വേഗം സഞ്ചരിച്ചു. അവൻ ശ്രദ്ധയോടെയാണ് നടന്നിരുന്നത് കാരണം കൈയിൽ റേഷൻ അരിയും മണ്ണെണ്ണയും ഇരിക്കുകയാണ്. എങ്ങാനും അത് തറയിൽ പോയാൽ!ആലോചിക്കാൻ വയ്യ. അമ്മ അവനെ വീട്ടിൽ കയറ്റില്ല. ഈ അരികൊണ്ടു ചെന്നിട്ടുവേണം രാത്രിയിലത്തെ കഞ്ഞിയുണ്ടാക്കാൻ. ഇങ്ങനെയൊക്കെ ആലോചിച്ചുകൊണ്ട് രാമു വീട്ടിൽ കയറിയതും മഴ തുടങ്ങി. അമ്മക്ക് അരിയും സാധനങ്ങളും കൊടുത്തതിനുശേഷം അവൻ ഉമ്മറത്തിണ്ണയിൽ കയറിയിരുന്ന് മഴയുടെ ഭംഗി ആസ്വദിച്ചു. മഴ തകർത്തു പെയ്തു. ആകാശത്തു ചെണ്ടമേളവും അരങ്ങേറി. അമ്മ അവനോടു കേട്ടു "രാമു നീ ബാക്കി പൈസ എവിടെ വച്ചു" രാമു പെട്ടെന്ന് മഴയുടെ ആസ്വാദനം നിർത്തി ഞെട്ടി എണീറ്റു. അവൻ പറഞ്ഞു 'അത് സഞ്ചിയിൽ കാണും" അത് സഞ്ചിയിൽ ഇല്ലന്ന് അമ്മപറഞ്ഞു. 'നീ അത് കൊണ്ട് മിഠായി വാങ്ങിച്ചു കാണും. അല്ലെങ്കിൽ കാലണ നീ എവിടെയെങ്കിലും കളഞ്ഞോ' അമ്മ ചോദിച്ചു രാമു ഓർത്തു. കാലണ പോക്കറ്റിൽ ഇട്ടിരുന്നു, അവൻ പോക്കറ്റിൽ കൈ ഇട്ടു നോക്കിയപ്പോൾ പോക്കറ്റിൽ ഒരു തുള! അവൻ ഞെട്ടി.അവൻ സംഭവങ്ങൾ എല്ലാം ഓർത്തു. അവൻ ഉറക്കെ വിളിച്ചു 'ദൈവമേ പൈസ പാടത്തു വീണുകാണും'. അമ്മ അവനെ ശകാരിച്ചു. "നാളെ ചിട്ടി പൈസ കൊടുക്കാനുള്ളതാണ് മര്യാദയ്ക്ക് നീ ഇവിടെ പൈസ കൊണ്ട് വന്നോണം. പൈസക്ക് നീ മിഠായി വാങ്ങിച്ചു കാണും അതുകൊണ്ടായിരിക്കും നീ വരമ്പത്തു വീണെന്ന് പറഞ്ഞത് അല്ലേടാ, പൈസ കൊണ്ട് വരാതെ നീ വീട്ടിൽ കയറരുത്".

അവൻ വേഗം പുറത്തേക്കു ഓടി. അവൻ മനസ്സിൽ വിചാരിച്ചു പീടികയിൽ ഗ്ലാസ്സ് ഭരണികളിൽ മനോഹരമായ വർണ്ണക്കടലാസ് കൊണ്ട് പൊതിഞ്ഞ മിഠായികൾ എന്നും കാണാറുണ്ട് ഒരിക്കലും ഞാൻ അത് വാങ്ങിച്ചിട്ടില്ല. വീട്ടിലെ അവസ്ഥ എനിക്ക് നന്നായി അറിയാം അതുകൊണ്ടുതന്നെ ഞാൻ അമ്മയുടെ അടുക്കൽ ഒന്നും വാങ്ങിച്ചു തരാൻ നിർബന്ധിക്കുമായിരുന്നില്ല എന്നിട്ടും അമ്മ അങ്ങനെ പറഞ്ഞതിൽ എനിക്ക് വളരെയധികം ദുഃഖമുണ്ട്. അവൻ വിഷമിച്ചുകൊണ്ടു വരമ്പത്തു എത്തി. പാടത്തിന്റെ വരമ്പ് ശ്രദ്ധയോടെ നോക്കി മനസ്സിൽ സമാധാനിച്ചു "ഹാവൂ കാലണ ചെളിയിൽ കിടക്കുന്നു ".അവൻ പൈസ എടുത്തു കൊണ്ട് അമ്മയുടെ കൈയിൽ കൊടുത്തു അമ്മയ്ക്ക് സമാധാനമായി. അവൻ വിളക്ക് കത്തിച്ചതിനു ശേഷം പഠിക്കാൻ തുടങ്ങി ഈ ദാരിദ്ര്യത്തെയും ദുഃഖത്തെയും നശിപ്പിക്കാൻ കഴിയുന്ന ആയുധമാണ് വിദ്യാഭ്യാസം എന്ന് അറിയാം അവന്. അവൻ പാഠങ്ങൾ ഉറക്കെ വായിക്കാൻ തുടങ്ങി.

Nikhil V
9.F

# നോബൽ സാഹിത്യം

സ്വീഡനിലെ സ്റ്റോക്ക്ഹോമിൽ 1833 ഒക്ടോബർ 21 ന് ആൽഫ്രെഡ് നോബൽ ജനിച്ചു. പിൽക്കാലത്തു ശാസ്ത്രജ്ഞനായും, സംരഭകനായും അതിലുപരി നോബൽ ഫൗണ്ടേഷന്റെ സ്ഥാപകനായും അദ്ദേഹം മാറി. രസതന്ത്രത്തിലും ഭൗതിക ശാസ്ത്രത്തിലും സാഹിത്യത്തിലും ഒരുപോലെ താല്പര്യമുണ്ടായിരുന്ന ആൽഫ്രെഡിന്റെ കവിതാ ഭ്രമത്തെ അദ്ദേഹത്തിന്റെ അച്ഛന് ഒരിക്കലും ഇഷ്ടമായിരുന്നില്ല. മക്കളെ തന്റെ പാതയിലൂടെ നടത്തണമെന്ന് ആഗ്രഹിച്ച ആ പിതാവ് ആൽഫ്രെഡിനെ ഒരു കെമിക്കൽ  എൻജിനീയർ ആക്കുന്നതിനു വേണ്ടി പാരിസിലേക്കു അയച്ചു. പാരീസിൽ നിന്നും തിരികെ എത്തിയ ആൽഫ്രെഡ് നൈട്രൊഗ്ലിസറിൻ എന്ന അപകടകരമായ എക്സ്പ്ലോസീവിനെ അപകട രഹിതമായി പ്രയോജനപ്പെടുത്തുന്ന പരീക്ഷണങ്ങളിലേക്കു തിരിഞ്ഞു, നിർഭാഗ്യവശാൽ ആൽഫ്രെഡിന്റെ ഇളയ സഹോദരൻ ഉൾപ്പെടെയുള്ളവരുടെ മരണത്തിലാണ് അത് കലാശിച്ചത്. എന്നാൽ ആൾപ്പാർപ്പില്ലാത്ത സ്ഥലങ്ങളിലേക്ക് പരീക്ഷണ ശാലകൾ മാറ്റി മാറ്റി ആൽഫ്രെഡ് ഒടുവിൽ നൈട്രൊഗ്ലിസറിന്റെ അപകടരഹിതമായ രൂപം ഉണ്ടാക്കിയെടുത്തു. അതിന് അദ്ദേഹം ഡൈനാമിറ്റ് എന്ന് പേരും നൽകി. ആൽഫ്രെഡിന്റെ കണ്ടുപിടുത്തം ലോകത്തിനു വലിയ മാറ്റം നൽകാൻ പോന്നതായിരുന്നു എന്ന് ആർക്കും സംശയമുണ്ടായിരുന്നില്ല. പിൽക്കാലത്ത് ഡൈനാമിറ്റും അതിന്റെ കെമിക്കൽ ഫോർമുലയും ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെട്ടതു മനുഷ്യ നാശത്തിനായിരുന്നു എന്നതായിരുന്നു ഏറ്റവും വലിയ വിരോധാഭാസം.

1986  ഡിസംബർ 10 ന് ഇറ്റലിയിലെ സാൻ റെമോയിൽ അദ്ദേഹം മരണമടഞ്ഞു. മരണശേഷം പുറത്തുവന്ന അദ്ദേഹത്തിന്റെ വില്പത്ര പ്രകാരം അദ്ദേഹത്തിന്റെ സ്വത്തു വകകളുടെ ഭൂരിഭാഗവും മനുഷ്യ നന്മക്കായി ഏറ്റവും നല്ല പ്രവർത്തനം കാഴ്ച വയ്ക്കുന്നവർക്കു നൽകണമെന്നായിരുന്നു. ബന്ധുക്കളുടെ ശക്തമായ എതിർപ്പായിരുന്നു ഇതിന്റെ ഫലം. നാല് വർഷത്തെ ഭഗീരഥ പ്രയത്നത്തിനൊടുവിൽ വിൽപത്രം നടപ്പാക്കാൻ ബാധ്യതപ്പെട്ടവർ അദ്ദേഹത്തിന്റെ വില്പത്രത്തിന്റെ അന്തസത്ത എല്ലാവരിലേക്കും എത്തിച്ചു.

1901 ൽ രസതന്ത്രം, ഭൗതികശാസ്ത്രം, വൈദ്യശാസ്ത്രം, സാഹിത്യം എന്നീ നോബൽ സമ്മാനങ്ങൾ സ്റ്റോക്ക്ഹോമിൽ വച്ചും, സമാധാന നോബൽ ക്രിസ്റ്റ്യാനിയയിൽ വച്ചും – ഇന്നത്തെ ഓസ്‌ലോ – പ്രഖ്യാപിച്ചു. സാമ്പത്തിക ശാസ്ത്ര നോബൽ ആൽഫ്രെഡ് നൊബേലിന്റെ വില്പത്ര പ്രകാരമുള്ളതല്ല, സ്വീഡൻ സെൻട്രൽ ബാങ്ക് ആൽഫ്രെഡ് നൊബേലിന്റെ സ്മരണാർത്ഥമാണ് ഈ സമ്മാനം ഏർപ്പെടുത്തിയത്. റോയൽ സ്വീഡിഷ് അക്കാദമി ഓഫ് സയൻസാണ് നോബൽ പ്രൈസിന്റെ അതേ രീതിയിൽ സാമ്പത്തിക നോബൽ ജേതാവിനെയും തിരഞ്ഞെടുക്കുന്നത്.

രസതന്ത്രം, ഭൗതികശാസ്ത്രം, ധനതത്വശാസ്ത്രം എന്നീ മേഖലകളിലെ വിജയിയെ കണ്ടെത്തുന്ന ഉത്തരവാദിത്വം റോയൽ സ്വീഡിഷ് അക്കാദമി ഓഫ് സയൻസിനും, വൈദ്യശാസ്ത്രത്തിനുള്ളത് ദി നോബൽ അസ്സംബ്ലി ഓഫ് കരോലിൻസ്ക ഇന്സ്ടിട്യൂട്ടിനും, സമാധാന നോബൽ നോർവീജിയൻ നോബൽ കമ്മിറ്റിക്കും, സാഹിത്യത്തിനുള്ളത് സ്വീഡിഷ് അക്കാദമിക്കും ആണ്.

ലോക ജനതയ്ക്ക് വേണ്ടി ഏറ്റവും നല്ലരീതിയിലുള്ള നിർമ്മാണ രീതികളും ടെക്നോളജിയും ഉണ്ടാകണമെന്ന് ആഗ്രഹിക്കുകയും, അതിനു വേണ്ടി അഹോരാത്രം പ്രവർത്തിക്കുകയും ഒടുവിൽ തന്റെ സമ്പാദ്യം മുഴുവനും മാനവകുലത്തിന്റെ നന്മക്കായി പ്രവർത്തിക്കുന്നവരെ അംഗീകരിക്കാനും ആദരിക്കാനും വേണ്ടി മാറ്റിവച്ച ആൽഫ്രഡ് നോബൽ എന്ന മനുഷ്യസ്നേഹി ചിരസ്മരണീയനാണ്.

::: വാൽക്കഷ്ണം ::::

സാമ്പത്തിക ശാസ്ത്രം : ഇതുവരെ ഒരേ ഒരു വനിതക്ക് മാത്രമേ ലഭിച്ചിട്ടുള്ളൂ, എലിനോർ ഓസ്ട്രോം എന്ന അമേരിക്ക കാരിക്കാണ് 2009 ൽ ആദ്യമായി ഈ അവാർഡ് ലഭിച്ചത്.

സാഹിത്യം : സാഹിത്യ നോബൽ ആകെ നാല് വർഷങ്ങളിൽ മാത്രമാണ് വിഭജിച്ച് നൽകിയിട്ടുള്ളത്

1904 ൽ – ഫ്രെഡ്രി ക് മിസ്ട്രൽ , ജോസ് എച്ചെഗരായ്

1917 ൽ – കാൾ ഗെല്ലറപ്, ഹെൻറിക് പിന്റോപ്പിടാൻ

1966 ൽ – ശാമുവേൽ അഗ്നോൻ , നെല്ലി സാക്സ്

1974 ൽ – എയ്വിൻഡ് ജോൺസൻ , ഹാരി മാർട്ടിൻസോൺ

എന്നിവരാണവർ.

Gowri G R

9 C

## *Embodiment of Beauty*


*Oh! my beautiful flower*
*How cute you are!*
*Your petals are dancing*
*With the blowing wind.*
*Butterflies are flying around you*
*To suck nature.*
*Your leaves are so smooth*
*And glazing in the sunlight*
*Oh! my beautiful flower*
*How lucky you are !*
*The god give you*
*Bright colours*
*Thus you got an attractive figure*
*Your petals are too soft as a feather.*
*How shining you are ,*
*As a pound of gold*
*You are a embodiment of beauty*
*Oh! my beautiful flower*
*How sweet you are .*

*Janaki .G.R*
*5 A*

# അബാക്കസ് (മണിച്ചട്ടം)

ഒരു ചട്ടത്തിനുള്ളിൽ ഉറപ്പിച്ചിരിക്കുന്ന കമ്പികളിൽ നിശ്ചിത എണ്ണം മണികൾ (മുത്തുകൾ) കോർത്തുണ്ടാക്കിയതും, ലളിതമായ അങ്കഗണിതക്രിയകൾ ചെയ്യുവാനുപയോഗിക്കുന്നതുമായ ഒരു ഉപകരണമാണ് മണിച്ചട്ടം (Abacus).
ലിഖിതമായി ഗണിതക്രിയകൾ ചെയ്യുന്നത് ആരംഭിക്കുന്നതിന് നൂറ്റാണ്ടുകൾക്കു മുൻപുതന്നെ ഏഷ്യയുടെ വിവിധഭാഗങ്ങളിൽ ഇത് പ്രചാരത്തിലുണ്ടായിരുന്നു. ഇപ്പോഴും ഏഷ്യയുടേയും, ആഫ്രിക്കയുടേയും ചില ഭാഗങ്ങളിലും ലോകത്തിന്റെ മറ്റുഭാഗങ്ങളിലും ചെറുകിട കച്ചവടക്കാർ, ഗൃഹസ്ഥന്മാരും ഇത് ഉപയോഗിക്കുന്നുണ്ട്.
മണിച്ചട്ടത്തിന് അബാക്കസ് എന്നാണു മറ്റു ഭാഷകളിൽ പറയുന്നത്. 1387 സി. ഇ ക്കു മുൻപു തന്നെ ഈ പദം ലാറ്റിൻ ഭാഷയിൽനിന്നും ഇംഗ്ലീഷിലേയ്ക്ക് എത്തിയതാണ്. മണൽതട്ടി അബാക്കസിനെ വിവരിക്കാനായാണ് ഈ വാക്ക് ആദ്യമായി ഉപയോഗിച്ചത്. എന്നാൽ ഈ ലാറ്റിൻ വാക്ക് ഗ്രീക്കു വാക്കായ ἄβαξ abax എന്നതിൽ നിന്നും ഉൽഭവിച്ചതാണ്. ഇതിന്റെ അർത്ഥം അടിസ്ഥാനമില്ലാത്ത ഏതെങ്കിലും വസ്തു എന്നോ ഏതെങ്കിലും ദീർഘചതുരാകൃതിയിലുള്ള തട്ടിയോ പാനലോ ആകുന്നു.
ഗ്രീക്കു ചരിത്രകാരനായ ഹെറൊഡോട്ടസ് പ്രാചീന ഈജിപ്റ്റുകാർ അബാക്കസ് ഉപയോഗിച്ചിരുന്നതായി പ്രസ്താവിക്കുന്നു. ഈജിപ്റ്റുകാർ കല്ലുകൾ വലത്തു നിന്നും ഇടത്തോട്ടു മാറ്റിവച്ചു കൂട്ടി. എന്നാൽ ഗ്രീക്കുകാർ ഇടത്തുനിന്നും വലത്തോട്ടു നീക്കിയാണു കൂട്ടിയത്. പുരാവസ്തുഗവേഷകർ എണ്ണാനുള്ളതെന്നു കരുതുന്ന വൃത്താകൃതിയിലുള്ള പല വലിപ്പത്തിലുള്ള പുരാതനനിർമ്മിതമായ ഡിസ്കുകൾ കണ്ടെടുത്തിട്ടുണ്ട്. പക്ഷെ അവയുടെ ചുമർ ചിത്രങ്ങൾ ഇതുവരെ കണ്ടെത്തിയിട്ടില്ല.
ഇന്ത്യയിലും അബാക്കസ് ഉപയോഗിച്ചിരുന്നതായി വാസുബന്ധു(316–396) എന്ന ബുദ്ധമതപണ്ഡിതന്റെ അഭിധർമ്മകോശഭാഷ്യ തുടങ്ങിയ പ്രാചീന ഗ്രന്ഥങ്ങളിൽ കാണാനാകും. അബാക്കസിലെ ഒഴിഞ്ഞ സ്ഥലത്തിനു ശൂന്യ എന്ന് ഇന്ത്യൻ പണ്ഡിതർ ഉപയോഗിക്കാൻ തുടങ്ങി.

വിക്കി ലേഖനം



സമർപ്പണം .........

ഈ കൈവഴിയിലേക്ക് ഒഴുകിയെത്താനാകാത്ത, ഒഴുക്ക് തുടങ്ങാനാകാത്ത ഞങ്ങളുടെ അസംഖ്യം പ്രതിഭകൾക്ക് .............

# SREE NARAYANA HIGHER SECONDARY SCHOOL
Uzhamalakkal

